KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.34/PR/PIC/PHQ/17 Date : 20.02.2017

# പത്രക്കുറിപ്പ്

എറണാകുളം ജില്ലയിൽ പിങ്ക് പോലീസ് സേവനങ്ങൾക്ക് ചില സേവനദാതാക്കളുടെ നമ്പരിൽനിന്നും വിളിക്കുമ്പോൾ കൺട്രോൾ റൂമിൽ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എത്രയും വേഗം പരിഹരിക്കുന്നതിന് ബി.എസ്.എൻ.എല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ഈ പ്രശ്നം പരിഹരിക്കുന്നതുവരെ പോലീസ് സേവനത്തിന് 9497962008 എന്ന നമ്പരിലേക്കോ 100 എന്ന നമ്പരിലേക്കോ വിളിച്ചാൽ ഉടൻതന്നെ പിങ്ക് പോലീസ് സേവനം ലഭ്യമാകുന്നതാണ്. ഉടനടി സേവനം ലഭിക്കുന്നില്ലെങ്കിൽ സിറ്റി പോലീസ് കമ്മീഷണർ(9497996990), ഡെപ്യൂട്ടി പോലീസ് കമ്മീഷണർ(9497996986) എന്നിവരെ അറിയിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.

*******